# Deepika
# 10 August 2018
# Idamalayar, Dam Shutter Opened

## ഇടമലയാർ: 4 ഷട്ടർ തുറന്നു

ഇടമലയാറിൽനിന്നു പുറന്തള്ളുന്നതു സെക്കൻഡിൽ ആറുലക്ഷം ലിറ്റർ വെള്ളം. ആലുവ ടൗണിൽ വെള്ളംകയറി. പെരിയാറിലെ ജലനിരപ്പ് അഞ്ചു മീറ്ററോളം ഉയർന്നു. ആലുവ ശിവരാത്രി മണപ്പുറവും ക്ഷേത്രവും മുങ്ങി. കാലടിയിലും ഏലൂരിലും വൈപ്പിൻ അഴിമുഖത്തും വെള്ളം ഉയർന്നു നാശനഷ്ടങ്ങളുണ്ടായി.

ഭൂതത്താൻകെട്ടു വഴി പെരിയാറ്റിലേക്കാണ് ഇടമലയാറിൽ നിന്നു വെള്ളം ഒഴുകുന്നത്. ചെറുതോണിയിൽ നിന്ന് കരിമ്പൻ, കീരിത്തോട്, ലോവർപെരിയാർ, നേര്യമംഗലം വഴി വരുന്ന വെള്ളവുമായി ഇതു കൂടിച്ചേരും.

(കൂടുതൽ വാർത്തകളും
ചിത്രങ്ങളും
2,3,4, 8-9 പേജുകളിൽ)